നിരുത്തരവാദപരമായി പെരുമാറുന്ന റേഷൻ ഷോപ്പുകൾക്കെതിരെ നടപടി

13(*164) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റേഷൻ ഷോപ്പ് നടത്തുന്നവർ, കാർഡുടമകൾക്ക് യഥാസമയം ഭക്ഷ്യസാധനങ്ങൾ, മണ്ണെണ്ണ തുടങ്ങിയവ നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഫലപ്രദമായി തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഡുടമകൾക്ക്, റേഷൻ ഷോപ്പുകളിൽ എന്തൊക്കെ ഭക്ഷ്യ ഉല്പന്നങ്ങൾ ഉണ്ടെന്ന് അറിയുവാൻ എല്ലാ പൊതുവിതരണ കേന്ദ്രങ്ങളിലും പ്രസ്തുത വിവരം വ്യക്തമായും കൃത്യമായും പ്രദർശിപ്പിക്കുവാൻ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) നിരുത്തരവാദപരമായി പെരുമാറുന്ന റേഷൻ ഷോപ്പുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സംസ്ഥാനത്തെ റേഷൻ ഷോപ്പ് ഉടമകൾ, കാർഡ് ഉടമകൾക്ക് യഥാസമയം ഭക്ഷ്യസാധനങ്ങൾ, മണ്ണെണ്ണ മുതലവായവ നൽകുന്നില്ലെന്ന ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പരാതികൾ ഒഴിവാക്കുന്നതിനും റേഷൻ വിതരണം കാര്യക്ഷമമായി നടത്തുന്നതിനും എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെ നിലവിലുള്ള പരിശോധനകൾക്ക് പുറമെ, റേഷൻ വിതരണം അവലോകനം ചെയ്യുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും രണ്ട് സോണൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. നോർത്ത് സോണിൽ കോഴിക്കോട് ഡെപ്യൂട്ടി കൺട്രോളറുടേയും സൗത്ത് സോണിൽ സിവിൽ സപ്ലൈസ് വകുപ്പിലെ വിജിലൻസ് ആഫീസറുടേയും നേതൃത്വത്തിൽ പ്രസ്തുത മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ തടയുന്നതിന്, സിവിൽസപ്ലൈസ് വകുപ്പിന് പുറമെ ലീഗൽ മെട്രോളജി, പോലീസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലും പരിശോധന നടത്തുന്നുണ്ട്. കൂടാതെ പൊതുവിതരണ സംവിധാനം പരാതികൾക്കിടനൽകാതെ കാര്യക്ഷമവും സുതാര്യവുമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുക, അതു സംബന്ധിച്ച പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അവലോകനം ചെയ്യുക, ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ ശരിയായ അളവിലും തൂക്കത്തിലും വിതരണം ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുക തുടങ്ങിയ കാര്യങ്ങൾക്കായി സംസ്ഥാന-ജില്ലാ-താലൂക്ക് തലങ്ങളിലും പഞ്ചായത്ത് തലങ്ങളിലും ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത്തല കമ്മിറ്റിയിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമാണ്. കൂടാതെ വാർഡ് മെമ്പർമാർ, നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധികൾ റേഷനിംഗ് ഇൻസ്പെക്ടർ എന്നിവരെ കൂടാതെ ലീഗൽ മെട്രോളജി, റവന്യൂ, ആരോഗ്യം, പഞ്ചായത്ത്, പോലീസ് എന്നീ വകുപ്പുകളുടെ ഓരോ പ്രതിനിധികളേയും പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതലം മുതൽ പഞ്ചായത്ത് തലംവരെ സർക്കാർ രൂപീകരിച്ചിട്ടുള്ള പ്രസ്തുത കമ്മിറ്റികളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനങ്ങളിലൂടെ കാർഡുടമകൾക്ക് അവർക്ക് അർഹമായ റേഷൻ സാധനങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനും റേഷൻ കടകളെക്കുറിച്ചുള്ള പരാതികൾ ഒഴിവാക്കാൻ കഴിയുമെന്നും സർക്കാർ കരുതുന്നു.

(ബി) റേഷൻ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യവസ്തുക്കൾ അതിന്റെ അളവ്/തൂക്കം/വില എന്നിവ വ്യക്തമായി റേഷൻ കടകളിൽ എഴുതി പ്രദർശിപ്പിക്കുവാൻ നിർദ്ദേശം നൽകുകയും ആയത് കൃത്യമായി പാലിച്ച് വരികയും ചെയ്യുന്നുണ്ട്. പരിശോധനാ ഉദ്യോഗസ്ഥർ ഇത് കൃത്യമായി നിരീക്ഷിച്ചു വരുന്നുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന റേഷൻ കടകൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഓരോ മാസവും വിവിധ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉടമകൾക്ക് ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ അളവും തൂക്കവും വിലയും പ്രമുഖ ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ഓരോ റേഷൻ കാർഡുടമകൾക്കും ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ, മണ്ണെണ്ണ, പഞ്ചസാര എന്നിവയുടെ അളവ്, വിലവിവരം എന്നിവ വിശദമാക്കിക്കൊണ്ട്, 2010 നവംബർ മാസത്തിൽ എല്ലാ പ്രമുഖ ദിനപത്രങ്ങളിലും റേഷൻ ഉപഭോക്താക്കളുടെ ശ്രദ്ധയ്ക്ക് എന്ന തലക്കെട്ടിൽ പരസ്യം ചെയ്തിട്ടുണ്ട്. പ്രസ്തുത പരസ്യത്തിന്റെ പകർപ്പ് എല്ലാ റേഷൻകടകളിലും പ്രദർശിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന റേഷൻ കടകൾക്കെതിരെ നിയമാനുസൃതമായ കർശന ശിക്ഷണ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ

14(* T165) ശ്രീ. ബാബു പോൾ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly